**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **30-06-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതിയുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ സമയബന്ധിതയായി പൂർത്തീകരിക്കുന്നില്ല എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇത്തരം പദ്ധതികൾ സമയബന്ധിതയായി പൂർത്തീകരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മന്ത്രി തലത്തിൽ നിർവഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം നടത്തുകയുണ്ടായി. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി , പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3/12/2021 ലെ സ ഉ (കൈ ) നം. 54/2021/പ.ജ.പ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ